ഉത്തരം

(എ) — (സി) പ്രകൃതിക്ഷോഭ വരൾച്ചാ ദുരിതാശ്വാസ ഫണ്ടിൽ നിന്നും അനുവദിക്കുന്ന പ്രവൃത്തികൾ വികസന ബ്ലോക്കുകൾ, പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ ചീഫ് എഞ്ചിനീയർമാരുടെ മേൽനോട്ടത്തിലാണ് നടത്തുന്നത്. കൂടാതെ ചീഫ് എഞ്ചിനീയർമാർ ശുപാർശ ചെയ്തു നൽകുന്ന ബില്ലുകൾ ഡെപ്യൂട്ടി കളക്ടറുടെ ലെവലിൽ ഉള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിനുശേഷമാണ് തുക അനുവദിക്കുന്നത്. ഈ സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്.

ചികിത്സാ ധനസഹായം അനുവദിക്കുന്നതിൽ വീഴ്ച

25 [3547] *ശ്രീ. കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണന്തല വയമ്പാകോണം മംഗലത്തുവീട്ടിൽ ശ്രീമതി രുഗ്മിണി അമ്മ, ഭർത്താവിന്റെ ചികിത്സയ്ക്കായി ധനസഹായം ലഭിക്കുന്നതിന് അപേക്ഷ നൽകിയിരുന്നോ;

(ബി) റവന്യൂ (ജെ.) വകുപ്പിന്റെ 14-2-2000-ലെ സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 845/2000/റവ. പ്രകാരം എത്രതുകയാണ് ധനസഹായമായി അനുവദിച്ചത്;

(സി) പ്രസ്തുത ഉത്തരവിൽ സൂചിപ്പിച്ചത് പ്രകാരം മുൻപ് ഇവർക്ക് ചികിത്സാസഹായം അനുവദിച്ചിരുന്നോ;

(ഡി) ഉണ്ടെങ്കിൽ എത്ര രൂപയാണ് അനുവദിച്ചത്;

(ഇ) അനുവദിച്ച തുക കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി)—(ഡി) പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം മുമ്പ് അനുവദിച്ച 3000 രൂപ കൂടാതെ 1000 രൂപ കൂടി ധനസഹായം അനുവദിച്ചിരുന്നു.

(ഇ) അനുവദിച്ച തുകയിൽ 1000 രൂപ കൈമാറിയാതായി തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly